ഗ്രാമപ്രദേശങ്ങളിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് സബ്സിഡി

6 [2133] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നതിന് എന്തെല്ലാം പ്രോൽസാഹനമാണ് ഇപ്പോൾ നൽകുന്നത്;

(ബി) സബ്സിഡി ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തിയതിന്റെ ഫലമായി ഗ്രാമപ്രദേശങ്ങളിൽ ചെറുകിട വ്യവസായ മേഖലയിൽ വളർച്ചയുണ്ടാകുന്നില്ലെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) സബ്സിഡി ബി. പി. എൽ.-കാർക്കുമാത്രമായി പരിമിതപ്പെടുത്തിയ നടപടി ഒഴിവാക്കി ഗ്രാമപ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭകർക്ക് മുഴുവൻ സബ്സിഡി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന നിക്ഷേപ സബ്സിഡി പദ്ധതിയനുസരിച്ച് അർഹതയുള്ള എല്ലാ വ്യവസായ സംരംഭങ്ങൾക്കും വ്യവസായ മൂലധന സബ്സിഡി നൽകിവരുന്നു. ഇതിന് ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്ന തരം തിരിവില്ല. അർഹരായ യൂണിറ്റുകൾക്ക് നിക്ഷേപത്തിന്റെ 10% (പരമാവധി 5 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു. ഊന്നൽമേഖലയിലുള്ള വ്യവസായ യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 15% (പരമാവധി 15 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു. ഇടുക്കി, വയനാട് ജില്ലകളിലും സർക്കാർ അംഗീകരിച്ച വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ എന്നിവിടങ്ങളിലും സ്ഥിര മൂലധനത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു. ഇടുക്കി, വയനാട് ജില്ലകളിൽ തുടങ്ങുന്ന ട്രസ്റ്റ് സെക്ടർ വ്യവസായങ്ങൾക്ക് 25% (പരമാവധി 25 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു. വിപുലീകരണം, വൈവിദ്ധ്യവൽക്കരണം, നവീകരണം ഇവയ്ക്കുവേണ്ടി നിക്ഷേപം നടത്തുന്ന എല്ലാ യൂണിറ്റുകൾക്കും അവർ നടത്തുന്ന അധിക നിക്ഷേപത്തിനും വ്യവസായ നിക്ഷേപ സബ്സിഡി നൽകുന്നു. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 15% (പരമാവധി 5 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ/എക്സ് സർവ്വീസ് വിഭാഗങ്ങൾക്ക് മൂലധനത്തിന്റെ 5% (പരമാവധി 1 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു.വിവര സാങ്കേതിക വ്യവസായങ്ങൾക്ക് 20% (പരമാവധി 25 ലക്ഷം രൂപ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പുവഴി സബ്സിഡിയായി നൽകുന്നു.

(ബി) വ്യവസായ വകുപ്പിന്റെ സബ്സിഡികൾക്കൊന്നുംതന്നെ ബി.പി. എൽ. പരിഗണന ബാധകമല്ല.

(സി) വ്യവസായ വകുപ്പ് നൽകിവരുന്ന സബ്സിഡിക്ക് ഗ്രാമപ്രദേശമെന്നോ ബി.പി.എൽ. എന്നോ ഉള്ള യാതൊരു നിബന്ധനയും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly